**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 579** — **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻപ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിരുന്ന വായ്പകൾ പുനഃക്രമീകരിക്കുകയും, പെൻഷൻ നൽകാനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതുമുൾപ്പെടെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽകാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം കൊണ്ട് വരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം നിയമിതരായവരുടെ സേവനത്തിന്റെ ഫലമായി കോർപ്പറേഷന്റെ അക്കൗണ്ട്സ്, ഐ.റ്റി. പർച്ചേയ്സ് മുതലായ രംഗങ്ങൾ കൂടുതൽ കാര്യക്ഷമത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾ ആവിഷ്കരിച്ച് വരികയാണ്. ഇതിലൂടെ കോർപ്പറേഷനെ കൂടുതൽ ടിക്കറ്റ് ഇതര വരുമാനം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത |

യോഗ്യതയുള്ള കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരിൽ 22 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഇതിലൂടെ കൂടുതൽ ടിക്കറ്റ് ഇതര വരുമാനം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ബസ്-സ്റ്റാഫ് ആനുപാതം ശരാശരിയേക്കാൾ കുറച്ച് ചിലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി പ്രതിമാസം ശമ്പള ഇനത്തിൽ മുൻകാലങ്ങളിൽ വേണ്ടിയിരുന്നതിനെക്കൾ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഐ.റ്റി. രംഗത്തുള്ള പുനരുദ്ധാരണ നടപടികളുടെ ഭാഗമായി ആധുനിക ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പിലാക്കി വരുന്നു. ഇതിന്റെ സഹായത്തോടു കൂടി കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് സാധിക്കുന്നതുമാണ്. SPARK നടപ്പിലാക്കിയത് മുഖേന ജീവനക്കാരുടെ ശമ്പളം, അവധി മുതലായ സർവ്വീസ് നടപടിക്രമങ്ങൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിന് സാധിക്കുന്നതുമാണ്. കൂടാതെ നിലവിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ഓഫീസുകളും മറ്റു കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇത ഉപയോഗിച്ച് യാത്ര ചെയ്യുവാൻ "ഗുഡ് ഡേ" കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ് ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽ തന്നെ റീചാർജ്ജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാനം വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിനും, ഇന്ധന ചെലവ്

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതിന്റെയും ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്കും സി.എൻ.ജി.യിലേയ്ക്കും മാറ്റുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി M/s. Jiolat Auto Gas Industries, New Delhi – എന്ന സ്ഥാപനത്തിന് 5 ഡീസ്സൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ളവർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ദർഘാസിൽ താഴെപ്പറയുന്ന 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. 1. M/s. Jiolat Auto Gas Industries, New Delhi 2. M/s CLH Gaseous fuel applications Private Limited 3. M/s. Advantek Fuel Systems Pvt Ltd ദർഘാസിന്റെ അടുത്ത ഘട്ടമായി ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNGയിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി bus stationകളിൽ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ Retails fuel outletകൾ 8 pumpകളിൽ സ്ഥാപിയ്ക്കുകയും, അടുത്ത 10 pumpകൾ വരും മാസങ്ങളിൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതാണ്. കൂടാതെ, scrap ചെയ്യുന്ന busകൾ ഉപയോഗിച്ച് "lub shop", foodies on wheels, Sleep in bus, Milma booth, Kudumbasree outletകൾ എന്നിവ നടത്തി വരുന്നു. |
| (ബി) | വാഹന ഉപയോഗ നിരക്കും ഇന്ധനക്ഷമതയും ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് പരീക്ഷണാർത്ഥം നടത്തുന്ന പുന:ക്രമീകരണങ്ങൾ ജീവനക്കാരുടെ ജോലിയിലും കോർപ്പറേഷന്റെ വരുമാനത്തിലും മാറ്റമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle –ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. വാഹന ഉപയോഗനിരക്ക് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ഉപയോഗത്തിന് ആവശ്യമായ ബസ്സുകൾ മാത്രം ഡിപ്പോകൾക്ക് നൽകുകയും സ്പെയർ ബസ്സുകൾ ഡിസ്ട്രിക്ട് കോമൺ പൂൾ രൂപീകരിച്ച് പ്രവർത്തന സജ്ജമാക്കി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തി വരുന്നു. കോവിഡ് കാലയളവായതിനാൽ വിവിധ നിയന്ത്രണങ്ങൾ മൂലം സർവ്വീസ് ഓപ്പറേഷൻ പൂർണ്ണമായി നടത്താൻ കഴിയാത്തതിനാൽ വരുമാനത്തിൽ ഉണ്ടാകുന്ന പുരോഗതി ഇപ്പോൾ വിലയിരുത്തുന്നത് പ്രയോഗികമല്ല. |

സെക്ഷൻ ഓഫീസർ